പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 3711

17.12.2015-ൽ മറുപടിക്ക്

വിനോദ് കുമാറിന്റെ കൊലപാതക ശ്രമം

ചോദ്യം	മറുപടി
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)	ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)
(എ) 2015 നവംബർ 7ന് കാഞ്ഞങ്ങാട് നിട്ടടുക്കത്ത് വിനോദ് കുമാറിനെ വെട്ടികൊലപ്പെടുത്താൻ ശ്രമിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;	(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(ബി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ആരൊക്കെയാണ് പ്രതികൾ ; ഇതിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ;	(ബി) ഉണ്ട്. ടി കേസിലെ ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പ്രതികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു. (1) സുനിൽ സുരേന്ദ്രൻ, S/o. ഗീത, (2) ഭരത് രാജ്, S/o. ബാബു റാവു, (3) അക്ഷയ്.
(സി) പ്രസ്തുത കേസ്സിൽ പ്രതികളായവരുടെ പേരിൽ മറ്റേതെങ്കിലും കേസുകൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?	(സി) ഉണ്ട്. ടി കേസിലെ പ്രതി സുനിൽ സുരേന്ദ്രൻ, ഹോസ്ദുർഗ് പോലീസ് സ്റ്റേഷനിലെ മറ്റൊരു കേസിലും പ്രതിയാണ്.

സെക്ഷൻ ഓഫീസർ